**മധുരമായ കുട്ടികളേ- ബാബ വന്നിരിക്കുകയാണ് നിങ്ങൾക്ക് സത്യമായ സ്വാതന്ത്ര്യം നൽകാൻ, ധർമ്മരാജന്റെ ശിക്ഷകളിൽനിന്നും മുക്തമാക്കാൻ, രാവണന്റെ പാരതന്ത്ര്യത്തിൽനിന്നും മുക്തമാക്കാൻ.**

**ചോദ്യം -** ബാബയും നിങ്ങൾ കുട്ടികളും മനസ്സിലാക്കിക്കൊടുക്കുന്നതിൽ മുഖ്യമായ എന്ത് വ്യത്യാസമാണുള്ളത്?
**ഉത്തരം -** ബാബ എപ്പോഴും മനസ്സിലാക്കിത്തരുന്നത് മധുരമായ കുട്ടികളെ എന്ന് പറഞ്ഞുകൊണ്ടാണ്, ഇതിലൂടെ ബാബ പറയുന്ന കാര്യം അമ്പ് പോലെ തറക്കും. നിങ്ങൾ കുട്ടികൾ പരസ്പരം സഹോദരങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുമ്പോൾ, മധുരമായ കുട്ടികളെ എന്ന് പറയാൻ സാധിക്കില്ല. ബാബ വളരെ ഉയർന്നതാണ്. അതുകൊണ്ട് ബാബ പറയുന്ന കാര്യത്തിന് പ്രഭാവമുണ്ടാകും. ബാബ കുട്ടികൾക്ക് തിരിച്ചറിവ് നൽകുകയാണ് - കുട്ടികളേ, നിങ്ങൾക്ക് ലജ്ജ തോന്നുന്നില്ലേ, നിങ്ങൾ പതിതമായി മാറി, ഇപ്പോൾ പാവനമായി മാറും.

**ഓം ശാന്തി**. പരിധിയില്ലാത്ത ആത്മീയ അച്ഛൻ പരിധിയില്ലാത്ത ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്, ഇപ്പോൾ ഈ പരിധിയില്ലാത്ത ബാബയെ പരിധിയില്ലാത്ത കുട്ടികളാണ് അറിയുന്നത്. പരിധിയില്ലാത്ത ബാബയെ ആരും അറിയുന്നില്ല, പരിധിയില്ലാത്ത കുട്ടികളാണെന്ന് സ്വയം അംഗീകരിക്കുന്നുമില്ല. ബ്രഹ്മാമുഖവംശാവലികൾ മാത്രമേ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നുള്ളു. മറ്റുള്ളവർക്ക് അംഗീകരിക്കാൻ സാധിക്കുന്നില്ല. ബ്രഹ്മാവ് തീർച്ചയായും വേണം, ബ്രഹ്മാവിനെത്തന്നെയാണ് ആദിദേവനെന്ന് പറയുന്നത്. ഈ ബ്രഹ്മാവിലേക്കാണ് ബാബ പ്രവേശിക്കുന്നത്. ബാബ വന്നിട്ട് എന്താണ് ചെയ്യുന്നത്?പറയുന്നു പാവനമായി മാറണം. ബാബയുടെ ശ്രീമത്താണ് സ്വയം ആത്മാവാണെന്ന് നിശ്ചയം ചെയ്യൂ. കുട്ടികൾക്ക് ആത്മാവിന്റെ പരിചയമാണ് നൽകുന്നത്. ആത്മാവ് ഭൃഗുഡിമദ്ധ്യത്തിലാണ് വസിക്കുന്നത്. ബാബ മനസ്സിലാക്കിത്തരികയാണ് ആത്മാവ് അവിനാശിയാണ്, ആത്മാവിന്റെ സിംഹാസനം ഈ വിനാശിയായ ശരീരമാണ്. ഈ കാര്യം കുട്ടികൾക്കറിയാം നമ്മളെല്ലാവരും ആത്മാക്കളാണ് പരസ്പരം സഹോദരങ്ങളാണ്. ഒരു ബാബയുടെ കുട്ടികളാണ്. ഈശ്വരനെ സർവ്വവ്യാപിയെന്ന് പറയുന്നത് തെറ്റാണ്. നിങ്ങൾ നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കൂ, ഓരോരുത്തരിലും 5 വികാരങ്ങൾ പ്രവേശിച്ചരിക്കുകയാണ്. ചിലർ മനസ്സിലാക്കും ഇവർ പറയുന്നത് ശരിയാണ്. നമ്മൾ സഹോദരങ്ങളാണെങ്കിൽ തീർച്ചയായും ബാബയിൽനിന്ന് സമ്പത്ത് ലഭിക്കണം. പക്ഷേ ഇവിടെനിന്ന് പുറത്തുപോയാൽ മായയുടെ കൊടുങ്കാറ്റുകളിൽ പെട്ടുപോകുന്നു. വിരളം പേരേ നിൽക്കുന്നുള്ളു. എല്ലാ സ്ഥലങ്ങളിലും ഈ അവസ്ഥയുണ്ട്. കുറച്ചുപേർ നന്നായി മനസ്സിലാക്കുന്നുണ്ട്. ചിലർ കൂടുതൽ മനസ്സിലാക്കാൻ പരിശ്രമിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ആരാണോ കൂടുതൽ അറ്റൻഷൻ കൊടുക്കാത്തത് അവരെ പറയാം പഴയ ഭക്തരല്ല. ഈ കാര്യങ്ങൾ മനസ്സിലാക്കേണ്ടവരേ മനസ്സിലാക്കുകയുള്ളു. ചിലർ മനസ്സിലാക്കുന്നില്ലായെങ്കിൽ അവർക്ക് മനസ്സിലാക്കിക്കൊടുക്കാനും സാധിക്കില്ല. നിങ്ങളിലും നമ്പർവാറാണ്, ചില നല്ല വ്യക്തികളുണ്ടെങ്കിൽ അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി നല്ലതായിട്ടുള്ളവരെ പറഞ്ഞയക്കണം. എന്നാലേ കുറച്ചെങ്കിലും മനസ്സിലാക്കൂ. അറിയാം, വലിയ ആളുകൾ പെട്ടെന്ന് മനസ്സിലാക്കില്ല. അവർ അഭിപ്രായം പറയും ഇവർ മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ നല്ലതായിട്ടാണ്. ബാബയുടെ പരിചയം പൂർണ്ണമായും കൊടുക്കുന്നുണ്ട് പക്ഷേ അവർക്ക് സമയമെവിടെ. നിങ്ങൾ പറയൂ പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും.

ഇപ്പോൾ നിങ്ങൾ മനസ്സിലാക്കൂ ബാബ നേരിട്ട് നമ്മൾ ആത്മാക്കളോട് സംസാരിക്കുകയാണ്. നേരിട്ട് കേൾക്കുന്നതിലൂടെ അമ്പ് നല്ലതായി തറക്കും. ഇവിടെ പരംപിതാപരമാത്മ ബ്രഹ്മാവിലൂടെ നേരിട്ട് മനസ്സിലാക്കിത്തരികയാണ് - അല്ലയോ കുട്ടികളെ നിങ്ങൾ ബാബ പറയുന്നത് അംഗീകരിക്കുന്നില്ലേ. നിങ്ങൾക്കാർക്കും ഇങ്ങനെ പറയാൻ സാധിക്കില്ല. അവിടെ ബാബയില്ല. ഇവിടെ ബാബ ഇരിക്കുന്നുണ്ട്, ബാബ സംസാരിക്കുകയാണ്. കുട്ടികളേ, നിങ്ങൾ ബാബയെ അംഗീകരിക്കില്ലേ! അജ്ഞാനത്തിന്റെ കാലത്തിലും പിതാവ് മനസ്സിലാക്കിക്കൊടുക്കുന്നതും സഹോദരൻ മനസ്സിലാക്കിക്കൊടുക്കുന്നതിലും വ്യത്യാസമുണ്ട്. സഹോദരൻ മനസ്സിലാക്കിക്കൊടുക്കുന്നതിൽ ഇത്രയും പ്രഭാവമുണ്ടായിരിക്കില്ല. എത്ര പിതാവ് മനസ്സിലാക്കിക്കൊടുക്കുന്നുണ്ടോ അത്രയും. പിതാവ് വലുതല്ലേ. ഭയമുണ്ടായിരിക്കും. നിങ്ങൾക്കും ബാബ മനസ്സിലാക്കിത്തരികയാണ് - എന്നെ തന്റെ പിതാവിനെ ഓർമ്മിക്കൂ. നിങ്ങൾക്ക് ഇടക്കിടക്ക് എന്നെ

മറക്കുന്നതിൽ ലജ്ജ വരുന്നില്ലേ. ബാബ നേരിട്ട് പറയുകയാണ്. അതിനാൽ അതിന്റെ പ്രഭാവം പെട്ടെന്നുണ്ടാകും. അല്ലയോ, ബാബ പറയുന്നത് അംഗീകരിക്കുന്നില്ല. പരിധിയില്ലാത്ത ബാബ പറയുകയാണ് ഈ ജന്മം നിർവ്വികാരിയായി മാറൂ എങ്കിൽ 21 ജന്മം നിർവ്വികാരിയായി മാറി പവിത്രമായ ലോകത്തിന്റെ അധികാരിയായി മാറാം. ഇത് അംഗീകരിക്കില്ലേ. ബാബ പറയുന്നതിലൂടെ അമ്പ് കടുത്തതായി തോന്നും. വ്യത്യാസമുണ്ടായിരിക്കും. ഇങ്ങനെയല്ല ബാബ സദാ പുതിയവരെ മാത്രം മിലനം ചെയ്തുകൊണ്ടിരിക്കും. തല തിരിഞ്ഞ ചോദ്യങ്ങൾ ചോദിക്കും. കാരണം ബുദ്ധിയിലിരിക്കുന്നില്ല. ഇത് പൂർണ്ണമായും പുതിയ കാര്യമാണ്. ഗീതയിൽ കൃഷ്ണന്റെ പേര് എഴുതിവച്ചു. അത് സാധ്യമല്ല. ഇപ്പോൾ ഡ്രാമയനുസരിച്ച് നിങ്ങളുടെ ബുദ്ധിയിലിരിക്കുന്നുണ്ട്. നിങ്ങൾ കുട്ടികൾ ഓടി ബാബയുടെ അടുക്കലേക്ക് വരും, നേരിട്ട് മുരളി കേൾക്കാൻ. അവിടെ സഹോദരങ്ങളിലൂടെയല്ലേ കേൾക്കുന്നത്, ഇപ്പോൾ ബാബയിൽനിന്നും കേൾക്കണം. ബാബക്ക് പ്രഭാവമുണ്ടാക്കാൻ സാധിക്കും. കുട്ടികളേ– കുട്ടികളേ എന്ന് പറഞ്ഞ് കാര്യങ്ങൾ പറയും. കുട്ടികളേ, നിങ്ങൾക്ക് ലജ്ജ വരുന്നില്ലേ! ബാബയെ ഓർമ്മിക്കുന്നില്ല! ബാബയോട് നിങ്ങൾക്ക് സ്നേഹമില്ലേ! എത്ര ബാബയെ ഓർമ്മിക്കുന്നുണ്ട്? ബാബാ 1 മണിക്കൂർ. അല്ലയോ, നിരന്തരം ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെപാപം ഭസ്മമാകും. ജന്മജന്മാന്തരങ്ങളിലെ പാപഭാരം ശിരസ്സിലുണ്ട്. ബാബ സന്മുഖത്ത് മനസ്സിലാക്കിത്തരികയാണ് – നിങ്ങൾ ബാബയെ എത്ര ഗ്ലാനി ചെയ്തു. നിങ്ങളുടേ മേൽ കേസ് കൊടുക്കേണ്ടതാണ്. പത്രത്തിൽ ആരെയെങ്കിലും ഗ്ലാനി ചെയ്ത് എഴുതിയാൽ അവരുടെ മേൽ കേസ് കൊടുക്കാറില്ലേ. ഇപ്പോൾ ബാബ ഓർമ്മിപ്പിക്കുകയാണ് – നിങ്ങൾ എന്തെന്തെല്ലാം ചെയ്തിരുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് ഡ്രാമയനുസരിച്ച് രാവണന്റെ സംഘത്തിൽപെട്ട് ഇതെല്ലാം സംഭവിച്ചു. ഇപ്പോൾ ഭക്തിമാർഗ്ഗം പൂർത്തിയായി, കഴിഞ്ഞുപോയി, ഇടയിൽ തടയാൻ ആരും ഉണ്ടായിരുന്നില്ല. അനുദിനം ഇറങ്ങി തമോപ്രധാനബുദ്ധിയായി ബുദ്ധുവായി മാറി. ആരെയാണോ പൂജ ചെയ്യുന്നത്, ആ ആളെ തൂണിലും– തുരുമ്പിലും ഉണ്ടെന്ന് പറഞ്ഞു. ഇതിനെയാണ് പറയുന്നത് പരിധിയില്ലാത്ത വിവേകശൂന്യം. പരിധിയില്ലാത്ത കുട്ടികളുടെ പരിധിയില്ലാത്ത വിവേകശൂന്യത ഒരു ഭാഗത്ത് ശിവബാബയുടെ പൂജ ചെയ്യുന്നു, മറുഭാഗത്ത് ആ ബാബയെ സർവ്വവ്യാപിയെന്ന് പറയുന്നു. ഇപ്പോൾ നിങ്ങൾക്ക് സ്മൃതി വന്നു. ഇത്രയും വിവേകശൂന്യതയോടെ ബാബയെ ഗ്ലാനി ചെയ്തു. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ് യാചകനിൽനിന്നും രാജകുമാരനായി മാറാൻ. ശ്രീകൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനാണ്. ശ്രീകൃഷ്ണനെ പറയാറുണ്ട് 16108 റാണിമാരുണ്ടായിരുന്നു, കുട്ടികളുണ്ടായിരുന്നു! ഇപ്പോൾ നിങ്ങൾക്ക് ലജ്ജ വരുന്നില്ലേ. എന്തെങ്കിലും പാപം ചെയ്താൽ ഭഗവാന്റെ മുന്നിൽ പോയി കാതിൽ പിടിച്ചുകൊണ്ടു പറയും അല്ലയോ ഭഗവാൻ, വലിയ തെറ്റ് ചെയ്തു, ദയ കാണിക്കൂ, ക്ഷമിക്കൂ. നിങ്ങൾ എത്ര വലിയ തെറ്റ് ചെയ്തു. ബാബ മനസ്സിലാക്കിത്തരികയാണ് – ഡ്രാമയിൽ ഇങ്ങിനെയാണ്. എപ്പോഴാണോ ഇങ്ങനെയായിത്തീരുന്നത് അപ്പോഴാണ് ഞാൻ വരുന്നത്.

ഇപ്പോൾ ബാബ പറയുകയാണ് – നിങ്ങൾ എല്ലാ ധർമ്മത്തിലുള്ളവർക്കും മംഗളം ചെയ്യണം. ബാബ എല്ലാവരുടേയും സത്ഗതി ചെയ്യുന്നു, ബാബയെ എല്ലാ ധർമ്മത്തിലുള്ളവരും പറയുന്നു സർവ്വവ്യാപിയെന്ന്. ഇത് എവിടെനിന്നാണ് പഠിച്ചത്. ഭഗവാനുവാച, ഞാൻ സർവ്വവ്യാപിയല്ല. നിങ്ങൾ കാരണം മറ്റുള്ളവർക്കും ഇങ്ങനെയുള്ള അവസ്ഥയുണ്ടായി. വിളിക്കാറുണ്ട് – അല്ലയോ പതിതപാവനാ... പക്ഷേ മനസ്സിലാക്കുന്നില്ല. നമ്മളെപ്പോഴാണോ ആദ്യമാദ്യം വീട്ടിൽനിന്നു വന്നത് അപ്പോൾ പതിതമായിരുന്നോ? ദേഹാഭിമാനിയായി മാറിയതുകാരണം പതിതമായി മാറി. ഏത് ധർമ്മത്തിലുള്ളവർ വന്നാലും, അവരോടുചോദിക്കണം പരംപിതാപരമാത്മാവിന്റെ പരിചയം നിങ്ങൾക്കുണ്ടോ, അവർ ആരാണ്? എവിടെയാണ് വസിക്കുന്നത്? മുകളിലെന്ന് പറയും അല്ലെങ്കിൽ പറയും സർവ്വവ്യാപിയാണ്. ബാബ പറയുകയാണ് നിങ്ങൾ കാരണം ലോകം മുഴവൻ ഈ കണക്കിലേക്ക് വന്നു . നിമിത്തം നിങ്ങളായി മാറുന്നു. എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കേണ്ടിവരുന്നു. ഡ്രാമാ പ്ലാൻ അനുസരിച്ച് പക്ഷേ നിങ്ങളും പതിതമായി മാറി. എല്ലാവരും പാപാത്മാക്കളല്ലേ. ഇപ്പോൾ പുണ്യാത്മാക്കളായി മാറുന്നതിനുവേണ്ടി വിളിക്കുകയാണ്. എല്ലാ ധർമ്മത്തിലുള്ളവർക്കും മുക്തിധാമമായ വീട്ടിലേക്ക് പോകണം. അവിടം പവിത്രമാണ്. ഇതും ഡ്രാമയിലുണ്ടാക്കപ്പെട്ടതാണ്, ഇത് ബാബ വന്ന് മനസ്സിലാക്കിത്തരികയാണ്. ഈ ജ്ഞാനം എല്ലാ ധർമ്മത്തിലുള്ളവർക്കും വേണ്ടിയാണ്. ബാബയുടെയടുക്കൽ എല്ലാ വാർത്തകളും വന്നിട്ടുണ്ടായിരുന്നു, ഒരു ആചാര്യൻ പറഞ്ഞിട്ടുണ്ടായിരുന്നു താങ്കളെല്ലാവരും ആത്മാവിനെപരമാത്മാവാണെന്ന് മനസ്സിലാക്കി നമസ്കാരം ചെയ്യുന്നു. ഇപ്പോൾ ഇത്രയും എന്താ പരമാത്മാവുണ്ടോ? ഒന്നും മനസ്സിലാക്കുന്നില്ല. ആരാണ് കൂടുതൽ ഭക്തി ചെയ്യാത്തത്, അവരിവിടെ നിൽക്കില്ല. സെന്ററുകളിലും ചിലർ എത്ര സമയം നിലനിൽക്കുന്നു. മറ്റു ചിലർ എത്ര നിലനിൽക്കുന്നു. ഇതിൽനിന്ന് മനസ്സിലാക്കണം ഭക്തി കുറച്ചാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് നിൽക്കാത്തത്. എന്നാലും എവിടെ പോകും. മറ്റൊരു കടയില്ലല്ലോ.

ഇങ്ങനെ എന്തെല്ലാം യുക്തികൾ രചിക്കണം മനുഷ്യർ പെട്ടെന്ന് മനസ്സിലാക്കിയെടുക്കാൻ. ഇപ്പോൾ എല്ലാവർക്കും സന്ദേശം കൊടുക്കണം. ഇങ്ങനെ പറയണം ബാബയെ ഓർമ്മിക്കണം. നിങ്ങൾക്കും പൂർണ്ണമായും ഓർമ്മിക്കാൻ സാധിക്കുന്നില്ലായെങ്കിൽ നിങ്ങളുടെ അമ്പെങ്ങനെ തറക്കും. അതുകൊണ്ട് ബാബ പറയുന്നു ചാർട്ട് വെക്കൂ. മുഖ്യമായ കാര്യമാണ് പാവനമായി മാറുക. എത്ര പാവനമായി മാറുന്നു അത്രയും ജ്ഞാനത്തിന്റെ ധാരണയുണ്ടാകും. സന്തോഷവും ഉണ്ടായിരിക്കും. കുട്ടികൾക്ക് വളരെ സന്തോഷമുണ്ടായിരിക്കണം – ഞങ്ങൾ എല്ലാവരേയും ഉദ്ധരിക്കും. ബാബയാണ് വന്ന് സത്ഗതി ചെയ്യുന്നത്. ബാബക്ക് സന്തോഷത്തിന്റേയോ ദുഃഖത്തിന്റേയോ കാര്യമില്ല. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. നിങ്ങൾക്കും യാതൊരു ദുഃഖവും ഉണ്ടാകരുത്. ബാബയെ ലഭിച്ചു. ഇനിയെന്താ, കേവലം ബാബയുടെ ശ്രീമതം അനുസരിച്ച് നടക്കുക. ഈ വിവേകം ഇപ്പോഴാണ് ലഭിക്കുന്നത്, സത്യയുഗത്തിൽ ലഭിക്കുന്നില്ല. അവിടെ ഈ ജ്ഞാനത്തിന്റെ കാര്യമേ ഇല്ല. ഇവിടെ നിങ്ങൾക്ക് പരിധിയില്ലാത്ത ബാബയെ ലഭിച്ചു. അതിനാൽ നിങ്ങൾക്ക് സ്വർഗ്ഗത്തേക്കാൾ സന്തോഷം ഇവിടെയുണ്ടായിരിക്കണം.

ബാബ പറയുകയാണ് വിദേശങ്ങളിൽ പോയി നിങ്ങളിത് മനസ്സിലാക്കിക്കൊടുക്കണം. എല്ലാ ധർമ്മത്തിലുള്ളവരോടും നിങ്ങൾക്ക് ദയ തോന്നണം. എല്ലാവരും പറയുന്നുണ്ട് – അല്ലയോ ഭഗവാൻ ദയ കാണിക്കൂ, ആശിർവ്വാദം നൽകൂ, ദുഃഖത്തിൽനിന്ന് മുക്തമാക്കൂ. പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. ബാബ അനേക പ്രകാരത്തിലുള്ള യുക്തികൾ പറഞ്ഞുതരികയാണ്. എല്ലാവരോടും പറയണം നിങ്ങൾ രാവണന്റെ ജയിലിലാണ്. പറയാറില്ലേ സ്വാതന്ത്ര്യം ലഭിക്കണം, പക്ഷേ സ്വാതന്ത്ര്യം എന്ന് പറയുന്നത് എന്തിനെയാണ്, ഇതാരും അറിയുന്നില്ല. രാവണന്റെ ജയിലിൽ എല്ലാവരും കുരുങ്ങിപ്പോയി. ഇപ്പോൾ സത്യമായ സ്വാതന്ത്ര്യം നൽകാൻ ബാബ വന്നിരിക്കുകയാണ്. എന്നിട്ടുംരാവണന്റെ ജയിലിൽ പാരതന്ത്ര്യത്തിൽ പാപം ചെയ്തുകൊണ്ടേയിരിക്കുന്നു. സത്യമായ സ്വതന്ത്രത എന്താണ്? ഇത് മനുഷ്യർക്ക് പറഞ്ഞുകൊടുക്കണം. നിങ്ങൾ പത്രങ്ങളിൽ കൊടുക്കണം – ഇവിടെ രാവണരാജ്യത്തിൽ സ്വാതന്ത്ര്യം ഇല്ല. വളരെ ചുരുക്കിയെഴുതണം. കൂടുതലെഴുതിയാൽ ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. പറയൂ, നിങ്ങൾക്ക് സ്വാതന്ത്ര്യം എവിടെനിന്നാണ്, നിങ്ങൾ രാവണന്റെ ജയിലിലല്ലേ. നിങ്ങളുടെ ശബ്ദം വിദേശങ്ങളിലുണ്ടായാൽ ഇവിടെയുള്ളവർ പെട്ടെന്ന് മനസ്സിലാക്കും. പരസ്പരം ആക്രമിച്ചത്കൊണ്ട്. ഇത് സ്വാതന്ത്ര്യമായൊ? സ്വാതന്ത്ര്യം നിങ്ങൾക്ക് ബാബയാണ് തന്നുകൊണ്ടിരിക്കുന്നത്. രാവണന്റെ ജയിലിൽനിന്നും സ്വതന്ത്രമാക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്കറിയാം നമ്മളെല്ലാവരും സത്യയുഗത്തിൽ വളരെ സ്വതന്ത്രരായിരുന്നു, വളരെ ധനികരായിരുന്നു. ആരുടേയും ദൃഷ്ടി പോലും പെടുന്നില്ല. പിന്നീടെപ്പോഴാണോ ദുർബ്ബലരായി മാറുന്നത് അപ്പോൾ എല്ലാവരുടേയും ദൃഷ്ടി നിങ്ങളുടെ ധനത്തിന്റെ മേലുണ്ടാകുന്നു. മുഹമ്മദ് ഖസ്നി വന്ന് ക്ഷേത്രം കൊള്ളയടിച്ചതോടെ നിങ്ങളുടെ സ്വാതന്ത്ര്യം അവസാനിച്ചു. രാവണന്റെ രാജ്യത്തിൽ പാരതന്ത്ര്യമായി മാറി. ഇപ്പോൾ നിങ്ങൾ പുരുഷോത്തമസംഗമയുഗത്തിലാണ്. ഇപ്പോൾ സത്യമായ സ്വാതന്ത്ര്യം നേടിക്കൊണ്ടിരിക്കുകയാണ്. മനുഷ്യർക്ക് സ്വാതന്ത്ര്യം എന്താണെന്ന് മനസ്സിലായിട്ടില്ല. ഈ കാര്യവും യുക്തിയോടെ മനസ്സിലാക്കണം. കഴിഞ്ഞ കൽപ്പത്തിലും സ്വാതന്ത്ര്യം നേടിയവർ, ഇതംഗീകരിക്കും. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുമ്പോൾ എത്ര തർക്കിക്കുന്നു. ബുദ്ധുവിനെപ്പോലെ. സമയം വ്യർത്ഥമാക്കുകയാണെങ്കിൽ സംസാരിക്കാൻ മനസ്സുണ്ടാകില്ല.

ബാബ വന്ന് സ്വാതന്ത്ര്യം നൽകുകയാണ്. രാവണന്റെ പാരതന്ത്ര്യത്തിൽ ദുഃഖം വളരെയാണ്. അപരം അപാരമായ ദുഃഖമാണ്. ബാബയുടെ രാജ്യത്തിൽ നമ്മളെത്ര സ്വതന്ത്രരാണ്. സ്വാതന്ത്ര്യമെന്ന് പറയുന്നത് – എപ്പോഴാണോ നാം പവിത്രദേവതയായി മാറുന്നത്, രാവണന്റെ രാജ്യത്തിൽനിന്ന് മോചിക്കപ്പെടുന്നത് അതിനെയാണ്. സത്യമായ സ്വാതന്ത്ര്യം ബാബയാണ് വന്ന് നൽകുന്നത്. ഇപ്പോൾ അന്യന്റെ രാജ്യത്തിൽ എല്ലാവരും ദുഃഖികളാണ്. സ്വാതന്ത്ര്യം ലഭിക്കുന്നത് ഈ പുരുഷോത്തമസംഗമയുഗത്തിലാണ്. മനുഷ്യർ പറയുന്നത് ബ്രിട്ടീഷ് ഗവൺമെന്റ് പോയാൽ ഞങ്ങൾ സ്വതന്ത്രമായി മാറി. ഇപ്പോൾ നിങ്ങൾക്കറിയാം ഏതുവരേക്ക് പാവനമായി മാറുന്നില്ലയോ അതുവരേക്കും സ്വാതന്ത്ര്യം ഇല്ലായെന്ന് പറയാം. പിന്നീട് ധർമ്മരാജന്റെ ശിക്ഷകളനുഭവിക്കേണ്ടിവരും. പദവിയും കുറയും. ബാബ വന്നിരിക്കുകയാണ് വീട്ടിലേക്ക് കൊണ്ടുപോകാൻ. അവിടെയെല്ലാവരും സ്വതന്ത്രരായിരിക്കും. നിങ്ങൾക്ക് എല്ലാ ധർമ്മത്തിലുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും – നിങ്ങൾ ആത്മാവാണ്, മുക്തിധാമത്തിൽനിന്ന് വന്നിരിക്കുകയാണ് പാർട്ട് അഭിനയിക്കാൻ. സുഖധാമത്തിൽനിന്നും പിന്നീട് ദുഃഖധാമത്തിൽ തമോപ്രധാനലോകത്തിൽ വന്നു. ബാബ പറയുകയാണ് നിങ്ങളെല്ലാവരും എന്റെ കുട്ടികളാണ്, രാവണന്റേതല്ല. ഞാൻ നിങ്ങൾക്ക് രാജ്യഭാഗ്യം തന്നിട്ടു പോയതായിരുന്നു. നിങ്ങൾ തന്റെ രാജ്യത്തിൽ എത്ര സ്വതന്ത്രരായിരുന്നു. ഇപ്പോൾ വീണ്ടും അവിടേക്ക് പോകുന്നതിനുവേണ്ടി പാവനമായി മാറുന്നു. നിങ്ങൾ എത്ര ധനവാനായി മാറുന്നു. അവിടെ

പൈസയെക്കുറിച്ചുള്ള ചിന്തയില്ല. സാധുക്കളുണ്ടാകാം. എന്നാലും പൈസയുടെ ചിന്തയില്ല. സുഖമായിട്ടിരിക്കുന്നു. ഇവിടെയാണ് ചിന്തയുള്ളത്. രാജധാനിയിൽ എല്ലാവരുടെ പദവിയും നമ്പർവൈസായിരിക്കും. എല്ലാവരും സൂര്യവംശീരാജാവിനെപ്പോലെയാകുന്നില്ല. എത്ര പരിശ്രമിക്കുന്നു അത്രക്കു പദവി. നിങ്ങൾ എല്ലാ ധർമ്മത്തിലുള്ളവരുടേയും സേവനം ചെയ്യുന്നവരാണ്. വിദേശത്തിലുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കണം – നിങ്ങളെല്ലാവരും സഹോദരങ്ങളല്ലേ. എല്ലാവരും ശാന്തിധാമത്തിലാണ് വസിക്കുന്നത്. ഇപ്പോൾ രാവണരാജ്യത്തിലാണ്. ഇപ്പോൾ വീട്ടിലേക്ക് പോകാനുള്ള വഴി താങ്കൾക്ക് പറഞ്ഞുതരാം, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. പറയാറില്ലേ ഭഗവാൻ എല്ലാവരേയും മുക്തമാക്കുന്നു. പക്ഷേ എങ്ങനെ മുക്തമാക്കുന്നു എന്ന് മനസ്സിലാക്കുന്നില്ല. കുട്ടികൾ എവിടെയെങ്കിലും ആശയക്കുഴപ്പത്തിലാകുമ്പോൾ പറയും ബാബാ ഞങ്ങളെ മുക്തമാക്കി വീട്ടിലേക്ക് കൊണ്ടുപോകൂ. നിങ്ങൾ കൊടും കാട്ടിൽ കുടുങ്ങിപൊയത് പൊലെയായിരുന്നു. വഴി അറിയുമായിരുന്നില്ല. പന്നീട് മുക്തിദാതാവിനെ ലഭിച്ചു, വഴിയും പറഞ്ഞുതന്നു. പരിധിയില്ലാത്ത ബാബയോടു പറയുകയാണ് – ബാബാ, ഞങ്ങളെ ലിബറേറ്റ് ചെയ്യൂ. താങ്കൾ പോകുമ്പൊൾ ഞങ്ങളും അങ്ങയുടെ പിന്നാലെ വരും. കേവലം ബാബയല്ലാതെ വേറെ ആരും വഴി പറഞ്ഞുതരുന്നില്ല. എത്ര ശാസ്ത്രങ്ങൾ പഠിച്ചിട്ടുണ്ടായിരുന്നു. തീർത്ഥസ്ഥാനങ്ങളിൽ തിരഞ്ഞിരുന്നു. പക്ഷേ അറിഞ്ഞിട്ടുണ്ടായിരുന്നില്ല. അന്വേഷിച്ചത് എവിടെയാണ്. സർവ്വവ്യാപിയാണെന്ന് പറഞ്ഞാൽ എവിടെനിന്ന് ലഭിക്കും. എത്ര അജ്ഞാനത്തിന്റെ ഇരുട്ടിലാണ്. സർവ്വർക്കും സത്ഗതിദാതാവ് ഒരു ബാബയാണ്, ബാബ വന്ന് നിങ്ങൾ കുട്ടികളെ അജ്ഞാനത്തിന്റെ ഇരുട്ടിൽനിന്ന് മാറ്റുകയാണ്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർക്കാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുളള മുഖ്യമായ സാരം –

1) ഒരു ബാബയെ ലഭിച്ചു അതുകൊണ്ട് ഏത് കാര്യത്തെക്കുറിച്ചും ചിന്തിക്കരുത്. ബാബയുടെ ശ്രീമതത്തിലൂടെ നടന്ന്, പരിധിയില്ലാത്ത വിവേകശാലിയായി മാറി സന്തോഷത്തോടെ എല്ലാവരേയും ഉദ്ധരിക്കാൻ നിമിത്തമായി മാറണം.

2) ധർമ്മരാജന്റെ ശിക്ഷകളിൽനിന്നും രക്ഷപ്പെടാനും അഥവാ സത്യമായ സ്വാതന്ത്ര്യം നേടുന്നതിനും വേണ്ടി തീർച്ചയായും പാവനമായി മാറണം. ജ്ഞാനം വരുമാനമാർഗ്ഗമാണ്, ഇത് ധാരണ ചെയ്ത് ധനവാനായി മാറണം.

## വരദാനം – ജ്ഞാനത്തിന്റെ ലൈറ്റ് (പ്രകാശം) മൈറ്റിലൂടെ (ശക്തി) തെറ്റിനെ ശരിയിലേക്ക് പരിവർത്തനപ്പെടുത്തുന്ന ജ്ഞാനി തൂ ആത്മാവായി ഭവിയ്ക്കട്ടെ.

ഇങ്ങനെ പറയാറുണ്ട് ജ്ഞാനം ലൈറ്റും മൈറ്റുമാണ്. എവിടെയാണോ ഈ പ്രകാശമുണ്ടാകുന്നത്, ഇത് ശരിയാണ് ഇത് തെറ്റാണ്, ഇത് അന്ധകാരമാണ് പ്രകാശമാണ്, ഇത് വ്യർത്ഥമാണ്, ഇത് സമർത്ഥമാണെന്ന്. തെറ്റാണെന്ന് മനസ്സിലാക്കിയവർ, തെറ്റായ കർമ്മങ്ങൾ അഥവാ സങ്കല്പങ്ങൾക്ക് വശപ്പെടില്ല. ജ്ഞാനിതൂ ആത്മാവ് അർത്ഥം വിവേകശാലി, ജ്ഞാന സ്വരൂപം. അവർ ഒരിക്കലും ഇങ്ങനെ പറയില്ല, ഇങ്ങനെ സംഭവിക്കരുതായിരുന്നു എന്ന്. അവരുടെ പക്കൽ തെറ്റിനെ ശരിയിലേക്ക് പരിവർത്തനപ്പെടുത്തുന്നതിനുള്ള ശക്തി ഉണ്ടാകുന്നു.

## സ്ലോഗൻ – ആരാണോ സദാ ശുഭ ചിന്തകരും ശുഭചിന്തനത്തിലുമിരിക്കുന്നവർ അവർ വ്യർത്ഥ ചിന്തനത്തിൽ നിന്നും മുക്തമാകുന്നു.